**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140** **29-01-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ ആധാർകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു പ്രതിപക്ഷ യുവജന സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വ്യാജ ആധാർ കാർഡ് നിർമ്മിച്ചതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | യൂത്ത് കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പിന് വ്യാജ ഇലക്ടൽ ഫോട്ടോ ഐഡന്റിറ്റി കാർഡ് നിർമ്മിച്ചും വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർത്തും ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കേസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) **തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ:** യൂത്ത് കോൺഗ്രസ്സ് സംഘടനാ ഭാരവാഹി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ ആയി നടന്ന തെരഞ്ഞെടുപ്പിൽ CR-CARD എന്ന മൊബൈൽ ആപ്പ് വഴി വ്യാജമായി തെരഞ്ഞെടുപ്പ് തിരിച്ചറിൽ കാർഡ് സംഘടനാ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ചു എന്നുള്ള പരാതിയിൽ IPC 465, 468, 471, IT Act, 2008 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം. 1490/2023 ആയി 17.11.2023ന് കേസ് രജിസ്റ്റർ ചെയ്തു.<br><br>(2) **മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ** : പ്രതിക്ക് വ്യാജരേഖ ചമച്ച് അസ്സലായി ഉപയോഗിക്കണമെന്ന ഉദ്ദേശത്തോടെ ഇന്ത്യൻ യൂത്ത് കോൺഗ്രസ്സിന്റെ 2023-26 സംഘടനാ തെരെ ഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരാതിക്കാരന്റെ ഇലക്ഷൻ ഐഡി കാർഡും ഫോട്ടോയും വ്യാജമായി ഉണ്ടാക്കി ഉപയോഗിച്ച് തെരഞ്ഞെ ടുപ്പിലെ വോട്ടേഴ്സ് ലിസ്റ്റിൽ ID നമ്പർ KL90721358801 നമ്പറായി മെമ്പർഷിപ്പ് ചേർത്ത് ഉപയോഗിച്ചതിന് ലഭിച്ച പരാതിയിൽ ക്രൈം നം. 2124/2023 നമ്പറായി 19.11.2023 ൽ കേസ് രജിസ്റ്റർ ചെയ്തു.<br><br>(3) **ബാലുശ്ശേരി പോലീസ് സ്റ്റേഷൻ:** പരാതിക്കാരൻ അഖിലേന്ത്യാ റിസർച്ച് കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ യൂത്ത് കോൺഗ്രസ്സിന്റെ കേരള ഘടകം തെരഞ്ഞെടുപ്പിൽ 10.05.2023 നം |

| | | | |
|---|---|---|---|
| | | | 14.11.2023 നും ഇടയിലെ കാലയളവിൽ കേസിലെ മൂന്ന് പ്രതികൾ ചേർന്ന് ഗൂഢാലോചന നടത്തി ഒന്നാം പ്രതിയുടെ വ്യാജ തിരിച്ചറിയൽ രേഖ നിർമ്മിച്ച് സംഘടനാ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും അർഹരായ സ്ഥാനാർത്ഥികളെ തോൽപ്പിച്ച് ചതിക്കുകയും ചെയ്തു എന്നുള്ള പരാതിയിൽ ക്രൈം നം. 1085/2023 ആയി 12.12.2023ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ഏത് ഏജൻസിക്കാണ് അന്വേഷണ ചുമതല; ഏന്തൊക്കെ തട്ടിപ്പുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കേരള പോലീസാണ് നിലവിൽ കേസ് അന്വേഷിച്ചുവരുന്നത്. കേസുകൾ അന്വേഷണഘട്ടത്തിലാണ്.<br><br>**മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ പരാതിക്കാരൻ കേസ് സിബിഐ യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ